**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :**535** **04.02.2020**-ലെ മറുപടിക്ക്

**അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| **(എ)** മുൻ സർക്കാർ അധികാരത്തിലിരിക്കുമ്പോൾ അടഞ്ഞു കിടന്ന ഏതൊക്കെ വ്യവസായ സ്ഥാപനങ്ങൾ ഈ സർക്കാരിന്റെ കാലത്ത് തുറന്ന് പ്രവർത്തിച്ചു എന്ന് വ്യക്തമാക്കാമോ; | **(എ)** വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കി വരുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകൾ സ്വകാര്യസംരംഭകരാണ് നടത്തുന്നത്. ഇത്തരം യൂണിറ്റുകൾ തുറന്ന് പ്രവർത്തിക്കുന്നത് ഉടമസ്ഥരുടെച്ചുമതലയിലാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂട്ടിക്കിടന്ന പ്രസ്തുത 80 യൂണിറ്റുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുറന്നു പ്രവർത്തിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിൽ മുൻ കാലങ്ങളിൽ തന്നെ പ്രവർത്തനം നിർത്തലാക്കിയ പൊതുമേഖലാ സ്ഥാപനങ്ങളൊന്നും തുറന്നു പ്രവർത്തിച്ചിട്ടില്ല. നേരത്തെ പ്രവർത്തനം നിർത്തലാക്കിയിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ജീവനക്കാരെല്ലാം സ്വയം വിരമിക്കൽ പദ്ധതി പ്രകാരം മുൻ കാലങ്ങളിൽ തന്നെ പിരിഞ്ഞുപോയിട്ടുള്ളതും കമ്പനി രജിസ്ട്രാറുടെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള ലിക്വിഡേഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നവയുമാണ്. |
| **(ബി)** കേന്ദ്ര സർക്കാർ അടച്ചു പൂട്ടാൻ തീരുമാനിച്ച ഏതെങ്കിലും വ്യവസായ സ്ഥാപനം കേരള സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ അല്ലെങ്കിൽ ഏറ്റെടുക്കാൻ ആലോചിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ;<br>**(സി)** ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ? | **(ബി) &(സി)** കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്ക്കരണ നയത്തിന്റെ ഭാഗമായി ഓഹരികൾ വിറ്റഴിക്കുന്നതിനായി തീരുമാനിച്ച കേരളത്തിൽ പ്രവർത്തിക്കുന്ന ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് കാസർഗോഡ്, ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്/ (എച്ച്.എൻ.എൽ) വെള്ളൂർ എന്നീ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനുള്ള ഇടപെടലുകളാണ് പ്രാരംഭമായി കേരള സർക്കാർ നടത്തിയത്. പ്രസ്തുത നടപടികൾ ഫലം കാണാത്തതിനാൽ ഏറ്റെടുക്കൽ നടപടികളുമായി സർക്കാർ ഇപ്പോൾ മുന്നോട്ടുപോകുകയാണ്. ഈ സ്ഥാപനങ്ങളുടെ ഏറ്റെടുക്കൽ നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. |

| | |
|---|---|
| | **<u>ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ്</u>**<br>കേരള ഇലക്ട്രിക്കൽ ആൻഡ് ആലൈഡ് എഞ്ചിനീയറിംഗ് കമ്പനിയും ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡുമായി ചേർന്നുള്ള സംയുക്ത സംരംഭമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (BHEL Electrical Machines Limited) എന്ന കമ്പനിയിലെ ഭെലിന്റെ 51% ഓഹരികൾ ഒരു രൂപ വിലയ്ക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കേരള സർക്കാർ തലത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. കേരള സർക്കാരും ബി.എച്ച്.ഇ.എൽ മായി കരാർ ഒപ്പ് വെയ്ക്കാവുന്നതിനുള്ള അന്തിമ തീരുമാനം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കേണ്ടതുണ്ട്.<br>**<u>ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട്</u>**<br>ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാടിന്റെ 31/03/2017 പ്രകാരമുള്ള ആസ്തി ബാധ്യതകൾ നിജപ്പെടുത്തി 53.02 കോടി രൂപയ്ക്ക് ആസ്തികൾ ഏറ്റെടുക്കുന്നതിന് സംയുക്തമായി തീരുമാനിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും ഈ തീരുമാനത്തിന് അന്തിമ അനുമതി ഇതുവരെ ലഭ്യമായിട്ടില്ല.<br>**<u>ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ)</u>**<br>കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ സബ്സിഡിയറി കമ്പനിയായ കോട്ടയം ജില്ലയിൽ വെള്ളൂരിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ (എച്ച്.എൻ.എൽ) കേന്ദ്ര സർക്കാർ തീരുമാനപ്രകാരം സ്വകാര്യവത്കരിക്കാനുള്ള സമ്മതപത്രം ക്ഷണിച്ചെങ്കിലും പ്രാപ്തരായ നിക്ഷേപകരുടെ അഭാവം മൂലം നടപടികൾ പൂർത്തീകരിക്കുവാൻ സാധിച്ചില്ല. പ്രസ്തുത സ്ഥാപനം പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന കേരള സർക്കാരിന്റെ ആവർത്തിച്ചുള്ള ആവശ്യം കേന്ദ്ര സർക്കാർ നിരസിച്ചതിനെത്തുടർന്ന് കമ്പനി കേരള സർക്കാർ ഏറ്റെടുക്കുവാനുള്ള സന്നദ്ധത അറിയിച്ച് തുടർ നടപടികൾ സ്വീകരിക്കുകയുണ്ടായി.<br>സ്വകാര്യവത്ക്കരിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ നടപടികൾ മൂലമുണ്ടായ വിവിധ കാരണങ്ങളാൽ സ്ഥാപനം 2019 ജൂൺ മാസം മുതൽ തുടർച്ചയായി ഉൽപ്പാദനം നിർത്തിവെച്ചിരിക്കുകയാണ്. നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ ഡൽഹി ബെഞ്ചിന്റെ 25/11/2019-ലെ തീരുമാന പ്രകാരം മാതൃ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ ലിമിറ്റഡിൽ നിക്ഷിപ്തമായിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ 100 % ഓഹരികളും 25 കോടി രൂപയ്ക്ക് കേരള സർക്കാരിന് കൈമാറുവാൻ ഉത്തരവായി. എന്നാൽ നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ കൊച്ചി ബഞ്ചിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് എതിരെ ആർ.ബി.എൽ |

| | |
|---|---|
| | ബാങ്ക് സമർപ്പിച്ചിരുന്ന അപേക്ഷ 28/11/2019-ൽ ഫയലിൽ സ്വീകരിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്നെ കോർപ്പറേറ്റ് ഇൻസോൾവൻസി റെസൊല്യൂഷൻ പ്രൊസെസ്സിന് വിധേയമാക്കുവാൻ തീരുമാനിക്കുകയും തുടർ നടപടികൾ പുരോഗമിക്കുകയുമാണ്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്നെ കേരള സർക്കാർ ഏറ്റെടുത്ത് ഉൽപ്പാദനം പുനരാരംഭിക്കുന്നതിനും പൊതുമേഖലയിൽ തന്നെ നിൽനിർത്തുന്നതിനുമായി എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തുന്നുണ്ട്. |

Shabna

**സെക്ഷൻ ഓഫീസർ**